# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.417

28.06.2012-ലെ
മറുപടിക്ക്.

### സ്കൂൾ ക്ലസ്റ്റർ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ,<br>ശ്രീമതി. കെ.കെ.ലതിക,<br>ശ്രീ.കെ. രാധാകൃഷ്ണൻ,<br>ശ്രീമതി.കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്കൂൾ ക്ലസ്റ്റർ സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ; | (എ) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം സ്കൂളുകളിൽ ഘടനാമാറ്റം കൊണ്ടുവരുന്നതിന്റെ ഭാഗമായി സ്കൂൾതല ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഒന്നു മുതൽ നാലുവരെയുള്ള എൽ.പി. സ്കൂളുകളിലും 5 മുതൽ 7 വരെയുള്ള യു.പി. സ്കൂളുകളിലും പുതിയതായി ക്ലാസ്മുറികൾ നിർമ്മിക്കാതെയും അദ്ധ്യാപകരുടെ പുനർവിന്യാസം ഒഴിവാക്കികൊണ്ടുമുള്ള പ്രായോഗിക തലത്തിലുള്ള ഒരു ഘടനാമാറ്റത്തിനായി അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിക്കുന്നു.<br>സ്കൂൾമാപ്പിംഗിലൂടെ അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതാണ്.<br>അഞ്ചാംക്ലാസ്സുള്ള ഒരു മാതൃസ്കൂളും ചുറ്റുമുള്ള ഫീഡർ എൽ.പി. സ്കൂളുകളും ഉൾപ്പെട്ടതാണ് ഒരു അയൽപക്കക്ലസ്റ്റർ. ഈ മാതൃസ്കൂളിന് ഫീഡർ സ്കൂളിൽ നിന്നും ഒരു കിലോമീറ്റർ കൂടുതൽ ദൂരം അഭിലഷണീയമല്ല. അതുപോലെതന്നെ എട്ടാം ക്ലാസ് ഉൾപ്പെട്ട മാതൃസ്കൂളും ചുറ്റുമുള്ള ഫീഡർ യു.പി. സ്കൂളുമുൾപ്പെട്ട അടുത്ത |

തലത്തിലുള്ള അയൽപക്ക ക്ലസ്റ്റർ. ഈ മാതൃ സ്കൂളിന് ഫീഡർ സ്കൂളിൽ നിന്നും മൂന്ന് കിലോമീറ്ററിൽ കൂടുതൽ ദൂരം അഭിലഷണീയമല്ല. ഓരോ അയൽപക്ക ക്ലസ്റ്ററിലുമുള്ള കുട്ടികൾ ഏറ്റവും കൂടുതലുള്ള സ്കൂളുകളെ മാതൃസ്കൂളായി മാറ്റുന്നു. മാതൃസ്കൂളുകളിലെ 5-ാം ക്ലാസ്സിനേയും 8-ാം ക്ലാസ്സിനേയും ഫീഡർ സ്കൂളിലേയ്ക്ക് കൊണ്ടുവരുന്നതിന് പകരം ആ ക്ലാസ്സുകളെ മാതൃ സ്കൂളുകളിൽ തന്നെ നിലനിർത്തി എല്ലാ ഫീഡർ സ്കൂളിലേയും കുട്ടികളെ മാതൃസ്കൂളുകളിലേയ്ക്ക് മാറ്റുന്നു. മാതൃസ്കൂളുകളിലെ അഞ്ചാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും തുടരുന്ന കുട്ടികളെ ഫീഡർ സ്കൂളുകളുടെ ഭാഗമാണെന്നുതന്നെ കണക്കാക്കി അവരുടെ നിയമപരമായ എല്ലാ രേഖകളും ഫീഡർ സ്കൂളുകളിൽ നിലനിർത്തുന്നു. നിശ്ചിത മാതൃസ്കൂളുകളിൽ കുട്ടികളെ ചേർക്കാതെ മറ്റു സകൂളുകളിൽ കുട്ടികളെ ചേർക്കാൻ ഉദ്ദേശിക്കുന്ന രക്ഷിതാക്കൾക്ക് അവർ നിർദ്ദേശിക്കുന്ന സ്കൂളുകളിലേക്ക് കുട്ടികളുടെ ടി.സി. നൽകുന്നു. നിർദ്ദിഷ്ട മാതൃസ്കൂളുകൾക്ക് എന്തെങ്കിലും അപര്യാപ്തതയോ, അസൗകര്യങ്ങളോ ഉണ്ടെങ്കിൽ ഒരു വർഷത്തിനുള്ളിൽ അവ പരിഹരിച്ച് മാതൃകാസ്കൂളാക്കി മാറ്റുന്നു. ഇതിലൂടെ ഫീഡർ സ്കൂളുകളിലെ ബഹുഭൂരിപക്ഷം കുട്ടികളേയും മാതൃസ്കൂളുകളിൽ തന്നെ നിലനിർത്താൻ കഴിയുന്നതാണ്.

(ബി) ഗ്രാമീണപ്രദേശങ്ങളിൽ വർഷങ്ങളായി തുടരുന്നതും എന്നാൽ നഗര പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അംഗബലം കുറവുള്ളതുമായ പ്രൈമറി സ്കൂളുകളുടെ നിലവാരം പ്രസ്തുത സംവിധാനത്തിലൂടെ

(ബി) ക്ലസ്റ്റർ സംവിധാനത്തിൽ ഉൾപ്പെട്ട സ്കൂളുകളുടെ ഭൗതികവും ബൗദ്ധികവുമായ എല്ലാ കാര്യവും പങ്കുവയ്ക്കാനും അതുവഴി അംഗബലം കുറവുള്ളതും മറ്റു സൗകര്യങ്ങളിൽ പിന്നോക്കം നിൽക്കുന്നതുമായ സ്കൂളുകളെക്കൂടി നിലവാരമുള്ളതാക്കി

| | | | |
|---|---|---|---|
| | ഉയർത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | | മാറ്റി മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും കഴിയുമെന്നതാണ് ക്ലസ്റ്റർ സംവിധാനത്തിന്റെ മേന്മ. |
| (സി) | ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | അൺ എയ്ഡഡ് സ്കൂളുകൾക്ക് വ്യാപകമായി എൻ.ഒ.സി. നൽകുന്ന നടപടികൾ കാരണം സർക്കാർ വിദ്യാലയങ്ങൾ തകരുന്നു എന്നു കാണിച്ച് അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | സ്വകാര്യ വിദ്യാലയങ്ങളെ അമിതമായി പ്രോത്സാഹിപ്പിക്കുന്ന നയം തിരുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | സ്വകാര്യ വിദ്യാലയങ്ങളെ അമിതമായി പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാരിനില്ല. എന്നാൽ സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ സി.ബി.എസ്.ഇ. അടക്കമുള്ള അൺ എയ്ഡഡ് സ്കൂളുകൾ ചില നിയന്ത്രണങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് വിദ്യാഭ്യാസ മേഖലയ്ക്ക് കാര്യമായ ഗുണം ചെയ്യുമെന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. |

സെക്ഷൻ ഓഫീസർ